**കേരള കാർഷിക സർവകലാശാല വാർത്തകൾ**
**(നവംബർ 20 – 26, 2020)**
**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651**
**e-mail: ccmannuthy@kau.in, Phone:0487-2370773)**

**No. C3/5/2020 - 49** **Dt. 19 .11. 2020**

## ഈയാഴ്ചത്തെ വിളപരിപാലന നിർദ്ദേശങ്ങൾ

കളനാശിനി അടിക്കുന്ന പാടങ്ങൾ 48 മണിക്കൂർ വരെ ഉണങ്ങി വിണ്ടു കീറാതെ സൂക്ഷിക്കുക. 48 മണിക്കൂറിനുശേഷം വെള്ളം കയറ്റുക . പാടവരമ്പുകളിലെ പുല്ലുവർഗ്ഗങ്ങളിൽ പുഴുക്കളോ മുട്ടകളോ കാണുന്നുണ്ടെങ്കിൽ കീടനാശിനികൾ തളിച്ച് അവയുടെ വർദ്ധന തടയുക.

പ്രാഥമിക മുഞ്ഞബാധക്കു പ്രതിവിധിയായി പാടത്തെ വെള്ളം വാർത്തു കളഞ്ഞശേഷം ഒരു ലിറ്റർ വെള്ളത്തിൽ 4 മില്ലി വീതം വേപ്പിൻസത്തടങ്ങിയ ജൈവകീടനാശിനി കരിച്ചിൽ കാണുന്ന ഭാഗങ്ങളും കടയും നനയത്തക്ക വിധം തളിക്കണം. പാടവരമ്പുകളിൽ വിളക്കു കെണി വെക്കുക, പന്തം കത്തിച്ചു വെക്കുക എന്നീ മാർഗ്ഗങ്ങൾ മുഞ്ഞയെ നശിപ്പിക്കാനുതകും. മുഞ്ഞബാധ രൂക്ഷമായ പാടങ്ങളിൽ സർവ്വകലാശാല ശുപാർശ ചെയ്യുന്ന രാസകീടനാശിനികൾ കൃത്യമായ അളവിൽ (ഇമിഡാക്ലോപ്രിഡ് 3 മി.ലി, പത്ത് ലിറ്റർ വെള്ളത്തിൽ എന്ന അളവിൽ) ഉപയോഗിക്കണം.

മൂടിക്കെട്ടിയ അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ നെല്ലിൽ ഓലചുരുട്ടിപ്പുഴുവിനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നയിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഡർമ്മ കാർഡ് ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് ഓലയുടെ അടിഭാഗത്തായി കുത്തിവെക്കുക. നെല്ലിൽ ബാകടീരിയ മൂലമുള്ള ഇല കരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 6 ഗ്രാം സ്ട്രെപ്റ്റോസൈക്ളിൻ 30 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കാവുന്നതാണ്.

നെല്ലിൽ പട്ടാളപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. അവയെ നിയന്ത്രിക്കുന്നതിനായി

- പാടത്ത് കുറഞ്ഞത് 24 മണിക്കൂറെങ്കിലും വെള്ളം കയറ്റി നിർത്തുക.
- നെൽ ചെടികളിലും പാടത്തിന്റെ വരമ്പുകളിലും കളകളിലും 3 മി.ലി ക്ലോറാൻട്രനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക.
- നടീൽ കഴിഞ്ഞിട്ടില്ലാത്ത പാടങ്ങളിൽ ക്ലോറാൻട്രനിലിപ്രോൾ തരികൾ 4 കി.ഗ്രാം ഒരു ഏക്കറിന് എന്ന തോതിൽ വളത്തോടൊപ്പം ചേർത്ത് കൊടുക്കുക.
- പാടവരമ്പും ചുറ്റുപാടുകളും കള വിമുക്തമാക്കുക.

പച്ചക്കറികളിൽ രാസകീടനാശിനി പ്രയോഗം കഴിവതും ഒഴിവാക്കണം. ജൈവകീടനാശിനികളായ മണ്ണെണ്ണക്കുഴമ്പ്, വേപ്പെണ്ണ ഇമൾഷൻ, വേപ്പെണ്ണ–വെളുത്തുള്ളി മിശിതം തുടങ്ങിയവ ഇലതീനിപ്പുഴുക്കൾ, വെള്ളീച്ച, പയറിലെ മുഞ്ഞ, ചിത്രകീടം ഇവയെ നിയന്ത്രിക്കാൻ ഫലപ്രദമാണ്. കൂടാതെ, കായീച്ച കെണികളോടൊപ്പം പാളയംകോടൻ പഴക്കെണികൾ കൂടെ ഉപയോഗിച്ച് കായീച്ചകളെ ആകർഷിച്ച് നശിപ്പിക്കാവുന്നതാണ്. പുഴുക്കളുടെ ശലഭങ്ങളെ ആകർഷിച്ച് നശിപ്പിക്കുന്നതിന് വൈകുന്നേരങ്ങളിൽ ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും തീയിടുന്നതും പന്തം കൊളുത്തി വെക്കുന്നതും ഫലപ്രദമാണ്.

പയറിൽ മുഞ്ഞയുടെ ആക്രമണം കണ്ടാൽ 2% വീര്യമുളള വേപ്പെണ്ണ എമൾഷൻ തളിക്കുക. അല്ലെങ്കിൽ വെർട്ടിസീലിയം ലെക്കാനി എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെളളത്തിൽ എന്ന തോതിൽ 10 ദിവസം ഇടവിട്ട് തളിക്കുക. കീടബാധ രൂക്ഷമാണെങ്കിൽ 3 മി.ലി ഇമിഡാക്ലോപ്രിഡ് അല്ലെങ്കിൽ 2 ഗ്രാം തയാമെതോക്സാം 10 ലിറ്റർ വെളളത്തിൽ എന്ന തോതിൽ തളിക്കുക.

ചെടികളിൽ കാണപ്പെടുന്ന വെളുത്ത പഞ്ഞി പോലെയുള്ള മീലിമൂട്ട, പരന്ന ആകൃതിയിലുള്ള ശല്ക്ക കീടങ്ങൾ എന്നിവയെ ജൈവികമായി നിയന്ത്രിക്കുന്നതിന് വെർട്ടിസീലിയം എന്ന കുമിളും ഇലതീനിപ്പുഴുക്കൾക്കെതിരെ ***ബ്യൂവേറിയ ബാസിയാന*** എന്ന കുമിളും, 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കണം.

ശീതകാല പച്ചക്കറികൾ നട്ട് ഒരു മാസം പ്രായമാകുമ്പോൾ മുതൽ വേപ്പിൻസത്തടങ്ങിയ കീടനാശിനി ആഴ്ചയിലൊരിക്കൽ തളിച്ചു കൊടുക്കുന്നതു പുഴുക്കളെ നിയന്ത്രിക്കാൻ സഹായിക്കും. ഇഞ്ചിയിൽ തണ്ടുതുരപ്പന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിനു പ്രതിവിധിയായി ബ്യുവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

വാഴയിൽ ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച ഇലകൾ പുഴുവിനോട് കൂടി തന്നെ പറിച്ച് എടുത്ത് നശിപ്പിച്ച് കളയുക. ആക്രമണം അധികമായാൽ 2 മില്ലി ക്വിനാൽഫോസ് 1 ലിറ്റർ വെളളത്തിൽ അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രനിലിപ്രോൾ 10 ലിറ്റർ വെളളത്തിൽ കലക്കി തളിക്കുക.

തെങ്ങിന്റെ മണ്ടരി ബാധ കണ്ടുതുടങ്ങുന്ന സമയമാണ്. പ്രതിവിധിയായി 1% വേപ്പിൻസത്തടങ്ങിയ കീടനാശിനികൾ 4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി ഇളം കുലകളിൽ തളിക്കുക. വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം സോപ്പുമായി ചേർത്ത് ലായനിയാക്കി തളിക്കാവുന്നതുമാണ്. 20 മില്ലി വേപ്പെണ്ണ, 20 ഗ്രാം വെളുത്തുള്ളിയുടെ നീര്, 5 ഗ്രാം സോപ്പ് എന്നിവ ഒരു ലിറ്റർ വെളളത്തിൽ എന്നതാണ് അളവ്.

മാവിന്റെ കായീച്ചകളെ നിയന്ത്രിക്കുന്നതിന് ഫെറമോൺ കെണി മാവ് പൂത്ത് കഴിയുമ്പോൾ മുതൽ വയ്ക്കുക. ഒരു കെണി ഉപയോഗിച്ച് മൂന്ന് മുതൽ നാല് മാസത്തോളം ആൺ ഈച്ചകളെ ആകർഷിച്ച് നശിപ്പിക്കാൻ കഴിയും. ഇതോടൊപ്പം അഴുകിയ പഴം/ തുളസിയില തുടങ്ങിയവ ഉപയോഗിച്ചുള്ള ചിരട്ടക്കെണികളിൽ 2 മില്ലി മാലത്തിയോൺ ഒരു കിലോ മിശ്രിതത്തിന് എന്ന അളവിൽ ഉപയോഗിക്കുന്നത് ഗുണം ചെയ്യും. ഒരേക്കർ

മാവിൻതോട്ടത്തിന് ചുരുങ്ങിയത് അഞ്ചെണ്ണം അല്ലെങ്കിൽ 25 മരങ്ങൾക്ക് ഒന്ന് അഥവാ ഒരു പുരയിടത്തിന് ഒന്ന് എന്ന ക്രമത്തിൽ കെണികൾ വെച്ചു കൊടുക്കേണ്ടതാണ്. കൊഴിഞ്ഞു വീഴുന്ന കണ്ണിമാങ്ങകൾ പെറുക്കിയെടുത്ത് നശിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487 – 2370773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

## അറിയിപ്പ്

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487–2370773

2. കോവിഡ് – 19 എന്ന മഹാമാരി വലിയ രീതിയിൽ ആഘാതം സൃഷ്ടിച്ച ഒരു മേഖലയാണ് കൃഷി. ഈ അവസരത്തിൽ കാർഷിക മേഖലയ്ക്ക് കൈത്താങ്ങായി കേരള കാർഷിക സർവ്വകലാശാല, വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്റർ, സമൂഹ മാധ്യമമായ ഫേസ്ബുക്കിലൂടെ കർഷകരിലേയ്ക്കെത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഡയറക്ടറേറ്റ് ഓഫ് എക്സ്റ്റൻഷൻ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി എന്ന ഫേസ്ബുക്ക് പേജ് സന്ദർശിക്കുക.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാല പ്രവർത്തനം പുനരാരംഭിച്ചിരിക്കുന്നു. എല്ലാത്തരം പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ, (പാവൽ, വെണ്ട, പയർ) പൊടികൾ, വിവിധ തരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നതാണ്.

## നിബന്ധനകൾ

1. കുറഞ്ഞത് 10 കിലോഗ്രാം പഴം പച്ചക്കറി ഉണ്ടാവണം.
2. കർഷകർക്ക് താൽപ്പര്യമുള്ള ഉൽപ്പന്നമോ അസംസ്കൃത വസ്തുവിന്റെ ഗുണനിലവാരം അനുസരിച്ച് വിപണന സാധ്യതയുള്ള ഏതെങ്കിലും ഉൽപ്പന്നമോ തയ്യാറാക്കി നൽകുന്നു.
3. മൂല്യവർദ്ധിത ഉൽപ്പന്നം തയ്യാറാക്കുവാൻ വേണ്ട വസ്തുക്കളുടെ വിലയും കൂലിച്ചിലവും കർഷകർ അടയ്ക്കണം.

4. മൂല്യവർദ്ധിത ഉൽപ്പന്നം പാക്ക് ചെയ്യുവാനുള്ള വസ്തുക്കൾ കർഷകർ കൊണ്ടു വന്നാൽ അതിൽ പാക്ക് ചെയ്തും നൽകും.
5. കേരള കാർഷിക സർവകലാശാലയുടെ പേരിൽ ഇത് വിപണനം ചെയ്യുവാൻ സാധ്യമല്ല. ഉൽപ്പന്നം കർഷകർ തന്നെ അവരുടെ സ്ഥാപനപേരിൽ വിപണനം ചെയ്യേണ്ടതാണ്.
6. കൂടുതൽ വിവരങ്ങൾക്ക് 0487–2370773, 9497412597 എന്നീ ഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

ഒപ്പ്/–

പ്രൊഫസർ & ഹെഡ്
കമ്മ്യൂണിക്കേഷൻ സെന്റർ

.